പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1134 — 20/03/2012-ൽ മറുപടിയ്ക്ക്

## തുറവൂർ സി. എച്ച്. സിക്ക് സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) തുറവൂർ സി. എച്ച്. സിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി രണ്ടുഘട്ടങ്ങളിലായി പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് എത്ര രൂപയാണ് അടച്ചത് ; | (എ) തുറവൂർ സി. എച്ച്. സിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് 95,27,351/- രൂപ അടച്ചിട്ടുണ്ട്. |
| (ബി) വസ്തു ഏറ്റെടുക്കുന്നത് സംബന്ധിച്ച് വസ്തു ഉടമ നൽകിയ ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് എന്തായിരുന്നു ; ആയതു പ്രകാരം തുക അടച്ചിട്ടും വസ്തു ഏറ്റെടുക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ് ; | (ബി) 2003 ഡിസംബറിൽ ആരംഭിച്ച സ്ഥലമെടുപ്പ് നടപടികൾക്കെതിരെ ശ്രീ. കൃഷ്ണഷേണായി 2005-ൽ WP(C) 11737/05 നമ്പർ കേസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. കരട് അവാർഡ് 21/03/06 ന് തയ്യാറായി. അതിനെതിരെ ശ്രീ. കൃഷ്ണഷേണായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 9229/06 കേസിൽ 17/08/06 ന് ഉണ്ടായ വിധിയിൽ അവാർഡ് റദ്ദാക്കുകയും നാല് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. അതിനെതിരെ ഗവൺമെന്റ് ആർ.പി. 551/08 നമ്പരായി നൽകിയ റിവിഷൻ പെറ്റീഷൻ 11/06/08-ന് തള്ളി ഉത്തരവായി. ആയതിൻ പ്രകാരം താഴെപറയുന്ന നാല് നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതുണ്ടായിരുന്നു.<br><br>1) 5 (എ) അന്വേഷണം നടത്തുക.<br>2) വസ്തുവിന്റെ വടക്കു പടിഞ്ഞാറെ അതിരിൽ കൂടി 4 മീറ്റർ വീതിയിൽ വഴി അനുവദിക്കുക. ടി വഴി അവാർഡിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുക. |

3) അവാർഡ് പാസ്സാക്കുന്നതുവരെ തൽസ്ഥിതി തുടരുക.
4) 60 സെന്റ് ഭൂമിയും അവാർഡിൽ ഉൾപ്പെടുത്തുക.

തുടർന്ന് അഡ്വക്കേറ്റ് ജനറലിൽ നിന്നും 24/11/09 ന് നിയമോപദേശം ലഭിച്ചശേഷം 29/03/10 ന് വിജ്ഞാപനം നടത്തിയിട്ടുള്ളതും തുടർന്ന് അവാർഡ് എൻക്വയറി നടന്നിട്ടുള്ളതുമാണ്. ഈ ഘട്ടത്തിൽ കക്ഷി WP (C)29198/11 നമ്പരായി ബഹു. ഹൈക്കോടതിയെ സമീപിച്ചി-ട്ടുള്ളതാണ്.

(സി) ആശുപത്രി വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ റവന്യു ഉദ്യോഗസ്ഥർ മന:പൂർവ്വം കാലതാമസം വരുത്തി വസ്തു ഉടമയെ സഹായിക്കുന്നതായി നിലനിൽക്കുന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) ബന്ധപ്പെട്ടവർ പലപ്രാവശ്യം ഹൈക്കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തതിനാലാണ് സ്ഥലമെടുപ്പ് നടപടികളിൽ കാലതാമസം ഉണ്ടായത്. റവന്യു വകുപ്പിൽ നിന്നും മന:പൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരുടേയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടേയും സംയുക്ത മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ ?

(ഡി) പൊന്നും വില നടപടികൾ അവസാന ഘട്ടത്തിലാണ്. റവന്യൂ വകുപ്പ് എല്ലാമാസവും നടത്തുന്ന ലാന്റ് അക്വിസിഷൻ കോൺഫറൻസിൽ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇതുകൂടാതെ അത്യാവശ്യ-ഘട്ടങ്ങളിൽ സംയുക്ത മീറ്റിങ്ങുകൾ ചേർന്ന് സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ.